# LAITY VOICE

ക്രൈസ്തവ ജനതയുടെ മുഖപത്രം

2018 DECEMBER Volume: IX No: VI


# Pope: The power of the Kingdom of God is love”



Vatican City: The Kingdom of God takes its power from the strength of Christ’s love, not the strength of the sword, Pope Francis said Sunday, on the feast of Christ the King.

History shows that kingdoms built on the power of arms, or on an abuse of power, do not last, the pope said Nov. 25. “But the kingdom of God is founded on his love and rooted in hearts… giving peace, freedom and fullness of life to those who welcome it.”

Pope Francis reflected on the Kingdom of God during his Angelus address for the feast day, the full name of which is the Solemnity of Our Lord Jesus Christ, King of the Universe.

Celebrating this day, which is set at the end of the liturgical year, the pope said, “recalls that the life of creation does not advance by chance but proceeds towards a final goal: the definitive manifestation of Christ, Lord of history and of all creation.”

Francis noted that in the day’s Gospel passage from John, Catholics hear at Mass the story of when Jesus was questioned by Pontius Pilate, before being sent to his crucifixion. In this scene, Pilate twice asks Jesus: “Are you the King of the Jews?”

The first time, Jesus answers that his kingdom “is not of this world,” Pope Francis said. The second time, Jesus says, “you say I am a king.”

“Jesus wants to make it clear,” the pope explained, “that above political power there is another much greater one, which is not achieved by human means. He came to earth to exercise this power, which is love, bearing witness to the truth.”

“This is the divine truth that is ultimately the essential message of the Gospel: ‘God is love’ and wants to establish in the world his kingdom of love, justice and peace,” he said.

Today, Jesus is asking every person to let him be their king: A king who sacrificed himself upon the cross, saving his people from death, he said. Christ the King casts light on a life marked “by doubt, by fear and by the trials of every day.”

“But we must not forget that the kingdom of Jesus is not of this world. He will be able to give a new meaning to our life, sometimes put to the test even by our mistakes and our sins, only on the condition that we do not follow the logic of the world and its ‘kings,’” he concluded.

After the Angelus, Pope Francis recalled the Nov. 24 commemoration of the anniversary of Holodomor, “a terrible famine” in Ukraine from 1932-1933, which was caused by the Soviet regime, and resulted in millions of victims.

“Imagine the sorrow,” Francis said. “The immense wound of the past is a call for all so that such tragedies are repeated never again. We pray for that dear country and for the much-desired peace.

ക്രിസ്മസ് നവവത്സരാശംസകൾ



**യേശുവിന്റെ മൗതികശരീരമായ സഭയിൽ എല്ലാവരും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടിരിക്കുന്നവരാണ്. രണ്ടാം വത്തിക്കാൻ സൂനഹദോസുവരെയും സഭയിലെ ശുശ്രൂഷകൾ വൈദികരുടെയും സന്യസ്തരുടെയും മാത്രം ഉത്തരവാദിത്വമായിട്ടാണ് കരുതിയിരുന്നത്. എന്നാൽ സഭയുടെ ഉണർത്തുപാട്ടായി രണ്ടാം വത്തിക്കാൻ സൂനഹദോസു മാറിയപ്പോൾ അല്മായ പങ്കാളിത്തം സജീവമാകുന്നതിന്റെ വാതിലുകൾ തുറക്കപ്പെട്ടു. കത്തോലിക്കാസഭയിലെ അല്മായ മുന്നേറ്റത്തിന്റെ ചരിത്രപശ്ചാത്തലങ്ങളിലേയ്ക്കും നന്മകൾ വാരിവിതറിയ സഭാസാക്ഷ്യങ്ങളുടെ ഇന്നുകളിലേയ്ക്കും യാത്രചെയ്ത് സഭയുടെ വളർച്ചയുടെ പാതയിലെ വെല്ലുവിളികളെ അതിജീവിക്കുന്നതിൽ നാം എത്രമാത്രം വിജയിച്ചു? ദൈവശാസ്ത്ര വീക്ഷണങ്ങളിലൂടെ അല്മായ സമൂഹത്തെ വിചിന്തനം ചെയ്ത് വിലയിരുത്തുന്നതിനോടൊപ്പം ആധുനിക ലോകത്തിന്റെ പ്രായോഗിക തലങ്ങളിൽ സഭയുടെ ശബ്ദവും ശക്തിയുമാകുവാൻ അവരെ എങ്ങനെ രൂപാന്തരപ്പെടുത്തി പ്രാപ്തരാക്കുവാൻ നമുക്കായോ? ഒരു പുനർചിന്തനത്തിന്റെ സമയമായില്ലേ?**

# അല്മായശക്തീകരണം
## സാധ്യതകൾ, വെല്ലുവിളികൾ

**ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യൻ**
**സെക്രട്ടറി, കൗൺസിൽ ഫോർ ലെയ്റ്റി, കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ)**

അല്മായൻ എന്ന പദം സുറിയാനി ഭാഷയിൽ നിന്നുള്ളതാണ്. "അല്മ"=ലോകം. "അല്മായ"=ലോകത്തോടു ബന്ധപ്പെട്ട". "അല്മായൻ" = ലോകത്തോടു ബന്ധപ്പെട്ടവൻ. ഇംഗ്ലീഷിൽ നിലവിലുള്ള lay, laity എന്നീ പദങ്ങൾക്ക് (പ്രയോഗങ്ങൾക്ക്) പിന്നുലുള്ളത് laikos എന്ന ഗ്രീക്കുപദമാണ്. laos എന്ന ഗ്രീക്കുപദത്തിൽ നിന്നാണ് ഈ വാക്കുണ്ടാകുന്നത്. ഇതിന് ജനത്തോടുബന്ധപ്പെട്ടത്, ജനം എന്നീ അർത്ഥങ്ങളുണ്ട്. പഴയനിയമത്തിൽ ജനം എന്നർത്ഥമുള്ള laos ആണ് ഗ്രീക്കു പരിഭാഷയിലുള്ളത്. "തെരഞ്ഞെടുക്കപ്പെട്ട", "രാജകീയ", "വിശുദ്ധ" "ദൈവത്തിന്റെ സ്വന്തം" എന്നീ വിശേഷണങ്ങളോടുകൂടിയാണ് സഭയാകുന്ന ജനത്തെക്കുറിച്ച് പുതിയ നിയമം പറയുന്നത്. ജനം മുഴുവനാണ് ദൈവിക പദ്ധതിയനുസരിച്ച് ദൗത്യനിർവ്വഹണത്തിനായി വിളിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തുവിന്റെ അനുയായികൾക്ക് ആദ്യമായി ക്രൈസ്തവർ എന്ന പേരുലഭിക്കുന്നത് അന്ത്യോക്യായിൽ വച്ചാണ് (അപ്പ.11.26).

### ക്രിസ്തുവിന്റെ പൗരോഹിത്യത്തിൽ പങ്കാളികൾ

രണ്ടാം വത്തിക്കാൻ കൗൺസിൽ അല്മായർക്ക് വ്യക്തമായ ഒരു നിർവചനം നൽകി. അല്മായർ എന്നാൽ അർത്ഥമാക്കുന്നത് തിരുപ്പട്ടങ്ങളിലും സഭ അംഗീകരിച്ചിട്ടുള്ള സന്യാസജീവിതത്തിലുമുള്ളവരും ഒഴികെയുള്ള എല്ലാ വിശ്വാസികളുമാണ്. ഈ വിശ്വാസികൾ ജ്ഞാനസ്നാനത്താൽ ക്രിസ്തുവുമായി സംയോജിക്കപ്പെട്ട് ദൈവജനമായി സ്ഥാപിക്കപ്പെട്ടവരും അക്കാരണത്താൽ ക്രിസ്തുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ധർമ്മങ്ങളിൽ തങ്ങളുടേതായ രീതിയിൽ ഭാഗഭാക്കുകളായിക്കൊണ്ട് ലോകത്തിൽ പൂർത്തിയാക്കാൻ ദൈവം സഭയെ ഭരമേൽപ്പിച്ചിരിക്കുന്ന രക്ഷാകരദൗത്യം തങ്ങളുടെ ജീവിതാവസ്ഥയ്ക്കനുസൃതം നിർവഹിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നവരുമാണ്.

### "അല്മായ വിശ്വാസികൾ" അപ്പസ്തോലിക പ്രബോധനത്തിൽ

ആരാണ് അല്മായ വിശ്വാസികൾ എന്ന ചോദ്യത്തിന് അപ്പസ്തോലിക പ്രബോധനം ഇപ്രകാരം പറയുന്നു: "മാമ്മോദീസായിലൂടെ സഭയാകുന്ന ശരീരത്തോട് ഐക്യപ്പെട്ടവരും പുത്രനിൽ മക്കളും ക്രിസ്തുവിന്റെ അവയവങ്ങളോടും സഭാഗാത്രത്തിന്റെ അവയവങ്ങളോടും അഭേദ്യമായി കൂട്ടിച്ചേർക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും യേശുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ദൗത്യത്തിന്റെ പങ്കാളികളും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അല്മായർ.

### രണ്ടാം വത്തിക്കാൻ കൗൺസിൽ വീക്ഷണത്തിൽ

പത്തൊമ്പത്, ഇരുപത് നൂറ്റാണ്ടുകളിൽ വളർന്നുവന്ന സഭാവിജ്ഞാനീയത്തിന്റെ വെളിച്ചത്തിൽ സമഗ്രമായ ഒരു അല്മായ ദർശനം രണ്ടാം വത്തിക്കാൻ കൗൺസിൽ അവതരിപ്പിച്ചു. **രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ സഭാവിജ്ഞാനീയത്തിൽ കാണുന്ന രണ്ടുപ്രധാന ആശയങ്ങളാണ് "ദൈവജനം", "കൂട്ടായ്മ" എന്നിവ. സഭാസമൂഹത്തിലെ എല്ലാ വേർതിരിവുകൾക്കും വ്യത്യാസങ്ങൾക്കും അപ്പുറമുള്ള കാഴ്ചപ്പാടാണ് ദൈവജനമുൾക്കൊള്ളുന്നത്. അല്മായനും വൈദികനും മെത്രാനും എന്ന വ്യത്യാസമില്ലാതെ മാമ്മോദീസ വഴി ദൈവജനത്തിലെ അംഗമായിത്തീർന്ന ഓരോ വ്യക്തിയും ദൈവത്താൽ വിളിക്കപ്പെട്ടവനെന്ന നിലയിൽ അന്തസ്സും ദൗത്യവുമുള്ളവനാണ്.**

സഭയിലെ പൂർണ്ണ അംഗങ്ങളാണ് അല്മായർ. ദൈവജനത്തിന് പൊതുവായ അന്തസ്സും അവകാശങ്ങളും വൈദികരെന്നും അവൈദികരെന്നും വ്യത്യാസമില്ലാതെ എല്ലാവർക്കുമുണ്ട്. മാമ്മോദീസാ വഴി അവർ ക്രിസ്തുവിനോടു ചേർന്ന് ഒരു ശരീരമായിത്തീരുന്നു. ദൈവത്തിന്റെ ജനമായി രൂപംകൊള്ളുന്നു. ദൈവജനത്തിന്റെ മൂന്നുവിധത്തിലുള്ള ധർമ്മങ്ങൾ വിശദമാക്കിക്കൊണ്ടാണ് വത്തിക്കാൻ കൗൺസിൽ അല്മായരുടെ ദൗത്യം വ്യക്തമാക്കുന്നത്. പുരോഹിതധർമ്മം, പ്രവാചകധർമ്മം, രാജകീയ ധർമ്മം ഇവയാണ് ഈ ധർമ്മങ്ങൾ.

> **മാമ്മോദീസായിലൂടെ സഭയാകുന്ന ശരീരത്തോട് ഐക്യപ്പെട്ട് പുത്രനിൽ മക്കളും ക്രിസ്തുവിന്റെ അവയവങ്ങളോടും സഭാഗാത്രത്തിന്റെ അവയവങ്ങളോടും അഭേദ്യമായി കൂട്ടിച്ചേർക്കപ്പെട്ടതും പരിശുദ്ധാത്മാവിന്റെ പവിത്രവും സജീവവുമായ ആലയങ്ങളും യേശുവിന്റെ പൗരോഹിത്യ പ്രവാചക രാജകീയ ദൗത്യത്തിന്റെ പങ്കാളികളും വിശുദ്ധിയിലേയ്ക്ക് വിളിക്കപ്പെട്ടവരും ലോകത്തിൽ വിശുദ്ധിയുടെ ജീവിത മാതൃകകളുമാണ് അല്മായർ.**

വൈദികരുടെ ശുശ്രൂഷപൗരോഹിത്യത്തിന് പിൻബലമായിട്ടുള്ളത് എല്ലാ വിശ്വാസികളുടെയും പൊതുവായ പൗരോഹിത്യമാണ്. പൊതുവായ പൗരോഹിത്യമില്ലാതെ ശുശ്രൂഷാപൗരോഹിത്യമില്ല. സഭയ്ക്ക് ഭൂമിയുടെ ഉപ്പായിത്തീരാൻ പലപ്പോഴും അല്മായരിലൂടെ മാത്രമേ സാധിക്കൂ എന്ന് കൗൺസിൽ ചൂണ്ടിക്കാട്ടി. ലോകത്തിന്റെ വിശാലവേദിയിൽ, അതേസമയം തന്നെ സഭയുടെ ഹൃദയത്തിൽ ജീവിക്കാൻ വിളിക്കപ്പെട്ടവനാണ് അല്മായൻ.

### അല്മായർ ആദ്യനൂറ്റാണ്ടുകളിൽ

അപ്പസ്തോലന്മാരുടെ നേതൃത്വവും

അധികാരവുമായിരുന്നു ക്രിസ്തു സഭയെ ആരംഭകാലത്ത് നയിച്ചത്. തുടർന്ന് മെത്രാൻ, വൈദിക, ഡീക്കൻ ശുശ്രൂഷകൾ ഒന്നാം നൂറ്റാണ്ടിന്റെ അവസാനം രൂപം പ്രാപിച്ചു. അല്മായൻ അഥവാ "ജനത്തിലൊരുവൻ" എന്ന അർത്ഥം വരുന്ന laikos anthropos എന്ന വാക്ക് വിശുദ്ധ ക്ലമന്റാണ് ആദ്യമായി ഉപയോഗിച്ചത്. ക്രിസ്തുവിൽ വിശ്വാസം സ്വീകരിച്ചവർക്കെല്ലാം പൗരോഹിത്യ പദവിയുണ്ടെന്ന് വിശുദ്ധ ഇറനേവൂസ് ചൂണ്ടിക്കാണിച്ചു. അതുപോലെ മൂന്നാം നൂറ്റാണ്ടിൽ തെർത്തുല്യനും മാമ്മോദീസായിലൂടെ വിശ്വാസിക്കു ലഭിക്കുന്ന പൗരോഹിത്യത്തെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്.

ആദ്യ നൂറ്റാണ്ടുകളിൽ വൈദികരുടെയും മെത്രാന്മാരുടെയും തെരഞ്ഞെടുപ്പിൽ അല്മായർ പങ്കുവഹിച്ചിരുന്നു. "അപ്പസ്തോലന്മാരുടെ പ്രബോധനം" (Didache), "അപ്പസ്തോലിക പാരമ്പര്യം" (Apostolic Tradition) തുടങ്ങിയ പുരാതന ക്രൈസ്തവലിഖിതങ്ങൾ സഭാനേതൃത്വത്തിനുള്ളവരെ തെരഞ്ഞെടുക്കുന്നതിൽ ജനത്തിനുള്ള പങ്കാളിത്തത്തെ ചൂണ്ടിക്കാട്ടുന്നു.

**ആദിമസഭയിൽ വിശ്വാസത്തിനുവേണ്ടി സഹിക്കുകയും രക്തസാക്ഷിത്വം വഹിക്കുകയും ചെയ്തവരിൽ നല്ലൊരുഭാഗം അല്മായരായിരുന്നു. മതപീഡനനാളുകളിൽ വിശ്വാസത്തിനുവേണ്ടി ജീവൻ വെടിഞ്ഞ ഈ അല്മായ സമൂഹത്തിന്റെ ത്യാഗവും സമർപ്പണവുമായിരുന്നു ആദിമസഭയുടെ ശക്തി.** എ ഡി 313ൽ മിലാൻ വിളംബരത്തോടെ മതപീഢനം അവസാനിച്ചു. സഭ റോമാ സാമ്രാജ്യത്തിൽ ഔദ്യോഗികമായി സ്വീകാര്യത നേടി. മൂന്നാം നൂറ്റാണ്ടുമുതൽ, അല്മായർ ചെയ്തുവന്നിരുന്ന പല സേവനങ്ങളും അപ്രത്യക്ഷമായി.നാലും അഞ്ചും നൂറ്റാണ്ടുകളിൽ ആശ്രമജീവിതവും തപശ്ചര്യകളും അല്മായരുടെ ഇടയിൽ പ്രചരിക്കാൻ തുടങ്ങി.

**മദ്ധ്യകാലഘട്ടത്തിൽ അല്മായന്റെ ദൗത്യം അനുസരണത്തിന്റെ ഭാഷയിൽ വ്യാഖ്യാനിക്കപ്പെട്ടു. പ്രത്യേകിച്ച് മെത്രാനോടുള്ള ബഹുമാനവും വിധേയത്വവും അതിന്റെ ഭാഗമായിരുന്നു. അഞ്ചാം നൂറ്റാണ്ടിൽ ലിയോ മാർപാപ്പ അല്മായർ സഭയിൽ പ്രസംഗിക്കുന്നത് വിലക്കി. പള്ളിയുടെ ആകൃതിയിൽ തന്നെ അല്മായന്റെ സ്ഥലവും വൈദികന്റെ സ്ഥലവും തമ്മിൽ വേർതിരിവുണ്ടായി. കൂദാശാനുഷ്ഠാനങ്ങളിലും പ്രാർത്ഥനകളിലുമുള്ള അല്മായ പങ്കാളിത്തത്തിനു നിശ്ചിത വ്യവസ്ഥകളുണ്ടായി.**

അല്മായരോടുള്ള സമീപനത്തിലും അവരുടെ പങ്കാളിത്തത്തിലും കാതലായ വ്യത്യാസം വരുന്നത് പതിനൊന്നാം നൂറ്റാണ്ടുമുതലാണ്. ഗ്രിഗറി ഏഴാമൻ മാർപാപ്പ (1073-1085)യുടെ നവീകരണം അല്മായ വൈദിക വേർതിരിവിനു കൂടുതൽ വഴിതെളിച്ചു.

വിശുദ്ധ കുർബാനയിൽപ്പോലും



അവർ കാഴ്ചക്കാരോ, കേൾവിക്കാരോ എന്ന നിലയിലേയ്ക്ക് തരംതാണു. ഈ സ്ഥിതിഗതിക്ക് താത്വികാടിസ്ഥാനം നൽകുന്നതായിരുന്നു പന്ത്രണ്ടാം നൂറ്റാണ്ടിൽ ഗ്രേഷ്യൻ രചിച്ച "കോൺകോർദിയ ദിസ്കോർദാൻസിയും കാനോനും" (Concordia Discordantium Canonum) എന്ന പ്രബന്ധം.

## വിപ്ലവകരമായ മാറ്റങ്ങൾക്ക് തുടക്കം

പ്രൊട്ടസ്റ്റന്റ് നവീകരണത്തോട് പ്രതികരിക്കുന്ന ദൈവശാസ്ത്രമാണ് പതിനാറാം നൂറ്റാണ്ടുമുതൽ കത്തോലിക്കാസഭയിൽ വളർന്നുവന്നത്. സഭാവിജ്ഞാനീയത്തിലാണ് ഇത് ഏറ്റവും പ്രകടമായത്.

1870ൽ ഒന്നാം വത്തിക്കാൻ കൗൺസിൽ മാർപാപ്പായുടെ പ്രഥമസ്ഥാനവും അപ്രമാദിത്വവും നിർവചിച്ചതോടെ ഹയരാർക്കിയിൽ കേന്ദ്രീകൃതമായ വീക്ഷണം അതിന്റെ പാരമ്യത്തിലെത്തി.

പത്തൊമ്പതും ഇരുപതും നൂറ്റാണ്ടുകളിലെ ദൈവശാസ്ത്രപരമായ പ്രത്യേകിച്ച് സഭാശാസ്ത്രപരമായ വളർച്ച അല്മായ പങ്കാളിത്തത്തെക്കുറിച്ച് ഹയരാർക്കിക്കൽ തലത്തിലും ജനകീയതലത്തിലും അവബോധം സൃഷ്ടിക്കുന്നതായിരുന്നു. സഭയുടെ സാമൂഹിക കാഴ്ചപ്പാടുകളുണ്ടാക്കിയ വിപ്ലവകരമായ ചിന്താഗതികൾ ഇതോടൊന്നിച്ച് കാണേണ്ടതുണ്ട്. 1891-ൽ ലിയോ പതിമൂന്നാമൻ മാർപാപ്പ പ്രസിദ്ധീകരിച്ച "റേരും നൊവാരും" എന്ന ചാക്രികലേഖനം തൊഴിലാളികളുടെ പ്രശ്നങ്ങൾ മനസ്സിലാക്കാനും സാമൂഹിക നീതിക്കുവേണ്ടി പ്രവർത്തിക്കാനും അല്മായരെ ആഹ്വാനം ചെയ്തു. റേരും നൊവാരും പ്രസിദ്ധീകരിച്ചതിന്റെ നാൽപ്പതാം വർഷത്തിൽ പീയൂസ് പതിനൊന്നാമൻ മാർപാപ്പ "ക്വാദ്രജെസിമോ അന്നോ" എന്ന ചാക്രികലേഖനത്തിലൂടെ സഭയുടെ സാമൂഹിക ദർശനമുൾക്കൊണ്ട് കർമ്മരംഗത്തിറങ്ങാൻ അല്മായ വിശ്വാസികളെ ആഹ്വാനം ചെയ്തു.

സഭാജീവിതത്തിന് നവചൈതന്യം നൽകാൻ അല്മായർ വഴി മാത്രമേ സാധിക്കൂ എന്ന തിരിച്ചറിവ് സഭാനേതൃത്വത്തിലുണ്ടായത് അല്മായ ദൗത്യത്തെക്കുറിച്ച് ഉറക്കെ ചിന്തിക്കുന്നതിനു കാരണമായി. പതിനൊന്നാം പീയൂസ് മാർപാപ്പ "കത്തോലിക്കാ പ്രവർത്തനം' (Catholic Action) എന്ന പ്രസ്ഥാനത്തിന് ആഹ്വാനം നൽകിയത് ഈ പശ്ചാത്തലത്തിലാണ്.

എല്ലാ സഭാംഗങ്ങളുടെയും ഭാഗഭാഗിത്വം വഴി സഭയുടെ ലോകത്തിലുള്ള സാന്നിധ്യവും പ്രവർത്തനവും കാര്യക്ഷമമാക്കുക, അതുവഴി ക്രിസ്തുവിന്റെ രാജ്യം വളർത്തുക എന്നതാണ് അല്മായരെ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ കൊണ്ടുദ്ദേശിച്ചത്.

## അല്മായ ഉണർവ്വിന്റെ വസന്തകാലം

**രണ്ടാം വത്തിക്കാൻ കൗൺസിൽ തുടക്കംവച്ച നവചൈതന്യം സഭയിലുടനീളെ പ്രകടമായി. സഭയിലെ അല്മായ ഉണർവിനെക്കുറിച്ചുള്ള ചർച്ചയിൽ അടുത്തകാലത്തായി സഭാശ്രദ്ധ പിടിച്ചുപറ്റുന്ന എക്ലേസിയൽ മുന്നേറ്റങ്ങളും നവസ്നേഹസമൂഹങ്ങളും നമ്മുടെ പ്രത്യേക താല്പര്യത്തിന് വിഷയീഭവിക്കുന്നു.**

ലോകത്തിൽ ജീവിച്ച് ഭൗതികതലം കൈകാര്യം ചെയ്തുകൊണ്ട് വിവിധ സാമൂഹിക സാംസ്കാരിക ബൗദ്ധിക മേഖലകളിൽ പ്രവർത്തിക്കുന്ന അല്മായർക്ക് സമൂഹത്തിൽ പുളിമാ

വുപോലെ പ്രവർത്തിച്ച് യേശുവിന്റെ സുവിശേഷപ്രഘോഷകരായി ദൈവ രാജ്യ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കാനുള്ള അനന്യമായ ദൗത്യമുണ്ട്. ഈ ദൗത്യത്തിന്റെ പ്രത്യേകതകളെ ക്കുറിച്ച് കൗൺസിൽ പഠനങ്ങൾ



ഇപ്രകാരം പറയുന്നുണ്ട്:

1) ഭൗതികസ്വഭാവം അല്മായരുടെ ജീവിതത്തിന്റെ പ്രത്യേകതയാണ്.

2) ഭൗതികതലത്തിൽ വ്യവഹരിച്ചുകൊണ്ടും ദൈവത്തിന്റെ തിരുവിഷ്ടത്തിനനുസൃതം അവയിൽ പ്രവർത്തിച്ചുകൊണ്ടും ദൈവരാജ്യം നിരന്തരം അന്വേഷിക്കാൻ അല്മായർ വിളിക്കപ്പെട്ടിരിക്കുന്നു.

3) ഭൗതികജീവിതത്തിന്റെ എല്ലാ തലങ്ങളിലും വ്യാപരിക്കുന്നതോടൊപ്പം തങ്ങളുടെ ദൈവവിളിക്കനുസൃതം കുടുംബജീവിതത്തിന്റെയും സാമൂഹ്യജീവിതത്തിന്റെയും സാധാരണ സാഹചര്യങ്ങളിലും ക്രിയാത്മകമായി അല്മായർ പ്രവർത്തിക്കുന്നു.

4) തങ്ങളുടെ ചുമതലകൾ സുവിശേഷാരൂപിയാൽ നിറവേറ്റി സമൂഹത്തിന്റെ ഉള്ളിൽ നിന്ന് പുളിമാവുപോലെ ലോകത്തിന്റെ വിശുദ്ധീകരണത്തിനായി അവർ പ്രവർത്തിക്കുന്നു.

5) സമൂഹത്തിൽ വിശ്വാസത്തിലും പ്രത്യാശയിലും ഉപവിയിലുമുള്ള ജീവിതസാക്ഷ്യത്തിലൂടെ അവർ തങ്ങളുടെ സഹോദരങ്ങളുടെ മധ്യത്തിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നു.

6) അല്മായർ ജീവിതസാന്നിധ്യവും സുവിശേഷസാക്ഷ്യവും വഴി ഭൗതികതലത്തെ പ്രസരിപ്പിക്കുകയും ക്രിസ്തീയചൈതന്യത്താൽ പ്രചോദിപ്പിക്കുകയും ചെയ്യുന്നു. ഭൗതികതലം മുഴുവൻ ക്രിസ്തുവിന്റെ പ്രബോധനങ്ങൾക്കനുസൃതമായി ക്രമീകരിക്കപ്പെടുന്നതിനും സ്രഷ്ടാവും രക്ഷകനുമായ ദൈവത്തിന്റെ മഹത്വത്തിലേയ്ക്ക് നയിക്കപ്പെടുന്നതിനും അവർ പരിശ്രമിക്കുന്നു.

### അല്മായ ശക്തീകരണ വെല്ലുവിളികൾ

അല്മായ പങ്കാളിത്തവും കൂട്ടുത്തരവാദിത്വവും സവിശേഷതയായുള്ള സഭയ്ക്ക് ഇനിയും വളരെ ദൂരം മുന്നോട്ടുപോകേണ്ടതുണ്ട്. പ്രായോഗികാഭിമുഖ്യമുള്ള വിശ്വാസപരിശീലനം അല്മായർക്ക് നൽകേണ്ടതിന്റെ ആവശ്യകതയെ സഭയുടെ ഔദ്യോഗിക പ്രബോധനങ്ങൾ ചൂണ്ടിക്കാട്ടുന്നുണ്ട്. അല്മായ വൈദിക വേർതിരിവു കൂടാതെ കൂട്ടായ്മയുടെ കാഴ്ചപ്പാടിൽ സഭയെ കാണുമ്പോഴാണ് അല്മായർക്ക് സഭയിൽ സജീവത്വവും പങ്കാളിത്തവും ഉണ്ടാകുന്നത്. ഭാരതസഭയിൽ അല്മായ സാന്നിധ്യം പിന്നോക്കം പോകുന്നതു പ്രത്യേകിച്ചു സാമൂഹിക രാഷ്ട്രീയ രംഗത്താണ്. നവീകരണപ്രസ്ഥാനങ്ങളുടെ പശ്ചാത്തലത്തിൽ ആത്മീയരംഗത്ത് ഉണർവ്വോടെ പ്രവർത്തിക്കുന്ന അല്മായരുണ്ടായിട്ടുണ്ട്.

**വിശ്വാസത്തോടുള്ള പ്രതിബദ്ധത ദൈവാലയ കർമ്മങ്ങളിൽ ഒതുങ്ങുകയും സാമൂഹിക രാഷ്ട്രീയ രംഗത്തേയ്ക്കിറങ്ങുമ്പോൾ വിശ്വാസവിരുദ്ധമായ പ്രത്യയശാസ്ത്രങ്ങളും സമീപനങ്ങളും ഉൾക്കൊണ്ട് പ്രവർത്തിക്കുന്ന അവസ്ഥയിലേയ്ക്ക് പലപ്പോഴും അല്മായർ; പ്രത്യേകിച്ച് യുവാക്കൾ വഴുതിവീണിട്ടുണ്ട്. ഈ വെല്ലുവിളിയാണ് ഭാരതത്തിൽ സിബിസിഐ ലെയ്റ്റി കൗൺസിൽ ഏറ്റെടുക്കേണ്ടത്.**

സാമൂഹിക രാഷ്ട്രീയ രംഗത്ത് സത്യത്തിനും നീതിക്കുംവേണ്ടി നിലകൊള്ളാനും ഒരു തിരുത്തൽ ശക്തിയായി പ്രവർത്തിക്കാനും എങ്ങനെ അല്മായരെ ബോധവൽക്കരിക്കാം എന്നത് സഭയുടെ മുമ്പിലെ വലിയൊരു വെല്ലുവിളിയാണ്.

### പങ്കാളിത്ത സംവിധാനങ്ങൾ ഫലപ്രദമോ?

ഭാരതത്തിലെ പല രൂപതകളും അല്മായ പങ്കാളിത്ത സംവിധാനങ്ങൾക്കു രൂപം കൊടുത്തത് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ അഥവാ കുടുംബകൂട്ടായ്മകളുടെ രൂപീകരണത്തിലൂടെയാണ്. പലരും ഇതിനെ ഒരു പ്രാർത്ഥനാ സമ്മേളനമായും വെറും ഒരു സോഷ്യൽ യോഗമായും മാത്രമാണ് കാണുന്നത്. ചടങ്ങുകൾക്കപ്പുറം ആദിമ ക്രൈസ്തവസഭയെ അനുസ്മരിക്കുന്ന പ്രാർത്ഥനയും കൂട്ടായ്മയും പങ്കുവയ്ക്കലും ആധുനിക സഭയിലെ കുടുംബകൂട്ടായ്മകൾക്കുണ്ടോ?

**അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ അല്മായ ശാക്തീകരണത്തിനും സഭാശുശ്രൂഷകളിലെ അല്മായ നേതൃത്വത്തിനും വലിയൊരു സാധ്യതയാണ് തുറന്നുകൊടുത്തിരിക്കുന്നത്. എന്നാൽ പല രൂപതകളിലും ഇടവക-രൂപതാ ശുശ്രൂഷാപ്രവർത്തനങ്ങളുമായി ബന്ധിപ്പിച്ചുകൊണ്ടുള്ള പങ്കാളിത്ത സംവിധാനങ്ങൾ ഇല്ല എന്നതാണ് ഖേദകരമായ സത്യം.**

പങ്കാളിത്തസംവിധാനങ്ങൾ ഇടവക-ഫൊറോന-രൂപതാ തലത്തിൽ പ്രവർത്തിക്കുന്ന ത്രിതലപ്രക്രിയ ചില രൂപതകളിലെങ്കിലുമുണ്ട്. അടിസ്ഥാന ക്രൈസ്തവസമൂഹങ്ങളിൽ നിന്ന് പ്രതിനിധികളെ ഉൾപ്പെടുത്തി ശുശ്രൂഷാസമിതികൾ രൂപപ്പെടുത്തുന്ന ഈ പ്രക്രിയ ഫലപ്രദമായി നടപ്പിലാക്കുവാൻ നമുക്കു സാധിക്കുന്നുണ്ടോ?

### വൈദികനേതൃത്വവും അല്മായ പങ്കാളിത്തവും

ഇന്നും പ്രാദേശികസഭയിൽ "വൈദികമേധാവിത്വം" വളരെയേറെയുണ്ടെന്നുള്ളതാണ് സത്യം. ഒരു ക്ലെറിക്കൽ സഭയാണ് ഇന്നും നമ്മുടേത് എന്നു പറഞ്ഞാൽ അതൊരു അതിശയോക്തിയാവില്ല. അല്മായ പങ്കാളിത്തത്തെപ്പറ്റി സെമിനാരി പരിശീലനകാലഘട്ടത്തിൽ ഒത്തിരിയേറെ പഠനങ്ങൾ നടക്കുന്നുണ്ടെങ്കിലും പ്രാദേശികരംഗങ്ങളിൽ യുവവൈദികർ പോലും ഇതിനായി കാര്യമായ ശ്രമങ്ങൾ നടത്തുന്നുണ്ടോയെന്ന് ചിന്തിക്കുന്നത് ഉചിതമായിരിക്കും. മാത്രവുമല്ല, സഭയുടെ പൊതുവേദികളിൽ നിന്നുപോലും അല്മായരെ കഴിവതും ഒഴിവാക്കുന്ന പ്രവണത കൂടുകയുമാണ്.

### വിദ്യാഭ്യാസ സാമൂഹ്യമേഖല

ആത്മീയ കാര്യങ്ങളിൽ വൈദികർ കൂടുതൽ ശ്രദ്ധപതിപ്പിക്കുകയും വിദ്യാഭ്യാസ സാമൂഹ്യ ആരോഗ്യ തുടങ്ങി ഇതര മേഖലകളിൽ അല്മായർക്ക് നേതൃത്വരംഗത്ത് വരാൻ കഴിയുംവിധം സഭാസംവിധാനങ്ങൾ ക്രമീകരിക്കുന്നതിൽ നാം ഭയപ്പെടുന്നതെന്തിന്? സഭയുടെ പല നിലപാടുകളോടും അല്മായർക്കു വലിയ ആഭിമുഖ്യമില്ലാതെ പോകുന്നത് അവരുടെ പങ്കാളിത്തം ഈ

രംഗങ്ങളിൽ ഉറപ്പാക്കാത്തതുകൊണ്ടല്ലേ? ഈ തിരിച്ചറിവിൽ നിന്ന് ഒരു മാറ്റത്തിന് തയ്യാറാകുവാൻ സഭാനേതൃത്വം മുന്നോട്ടുവരുമെന്നാണ് പ്രതീക്ഷ.

### മനുഷ്യവിഭവശേഷിയും അല്മായരും

പ്രബുദ്ധരായ അല്മായരുടെ പങ്കാളിത്തം സഭയിൽ ഇന്ന് വളരെ പരിമിതമാണ്. ഇടവകതലത്തിൽ തന്നെ വിവിധ ശുശ്രൂഷകളിൽ ഇവരുടെ സേവനം ഉറപ്പാക്കാൻ കഴിയണം. ഇതിനായി ഇടവക രൂപതാ തലങ്ങളിൽ മനുഷ്യവിഭവനിർണ്ണയം നടത്തുന്നത് നന്നായിരിക്കും. നമ്മുടെ ഇടവകകളിലെ ഇന്നത്തെ പ്രവർത്തനശൈലിയെപ്പറ്റിയുള്ള ഒരു പഠനം വെളിപ്പെടുത്തുന്നത് ഏറിയാൽ പത്ത് ശതമാനം പേരാണ് സഭാശുശ്രൂഷകളിൽ സജീവപങ്കാളികളായിരിക്കുന്നത് എന്നാണ്. ഏതാണ്ട് 60 ശതമാനം പേരെ ഞായറാഴ്ച ക്രിസ്ത്യാനികളെന്നു വിശേഷിപ്പിക്കാം. എതാണ്ട് 30 ശതമാനം സഭാജീവിതവുമായി യാതൊരു ബന്ധവുമില്ലാതെയാണ് കഴിയുന്നത്. 40 ശതമാനം വരുന്ന പ്രബുദ്ധരായ അല്മായർ സഭാജീവിതത്തോടു നിസംഗത പുലർത്തുന്നവരാണ് എന്നാണ് വെളിപ്പെടുന്നത്.

നേരത്തെ സൂചിപ്പിച്ചതുപോലെ സാമൂഹ്യവിദ്യാഭ്യാസ മേഖലകളിൽ അല്മായരുടെ വിഭവശേഷി പരമാവധി പ്രയോജനപ്പെടുത്തുക മാത്രമല്ല നേതൃസ്ഥാനങ്ങളിലേയ്ക്ക് അവരുടെ സേവനം പ്രയോജനപ്പെടുത്തുകയും വേണം.

### സാമൂഹിക രാഷ്ട്രീയ രംഗത്തെ പങ്കാളിത്തം

**ആധുനിക കാലഘട്ടത്തിൽ നീതിപൂർവ്വകമായ സമൂഹനിർമ്മിതി ഒരു സഭാശുശ്രൂഷയാണ്. അങ്ങനെ വരുമ്പോൾ രാഷ്ട്രീയപ്രവർത്തനം ഒരു ശുശ്രൂഷയായി നാം കാണേണ്ടതുണ്ട്. രാഷ്ട്രീയം എന്നു പറയുന്നത് കക്ഷിരാഷ്ട്രീയമായി മാത്രം കാണരുത്. കക്ഷിരാഷ്ട്രീയത്തിനധീതമായി രാഷ്ട്രീയ പ്രവർത്തനത്തെ കാണാനും പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത രാഷ്ട്രീയ സമവാക്യങ്ങൾ രൂപപ്പെടുത്തിയെടുക്കാനും ഇനിയും സഭയ്ക്ക് കഴിഞ്ഞിട്ടില്ല.**

രാഷ്ട്രീയത്തോടുള്ള നിഷേധാത്മക മനോഭാവം വെടിഞ്ഞ് കക്ഷിരാഷ്ട്രീയത്തിനധീതമായിചിന്തിക്കുന്ന മൂല്യബോധമുള്ള ഒരു പുതിയ അല്മായ യുവതലമുറയെ വാർത്തെടുക്കാൻ നമുക്കുകഴിയണം. കത്തോലിക്കാ യുവജന പ്രസ്ഥാനത്തിന് ഇക്കാര്യത്തിൽ വലിയൊരു മുന്നേറ്റം നടത്താനാകും. കാലികപ്രശ്നങ്ങളോടു പ്രതികരിക്കാനും കാലത്തിന്റെ ചുവരെഴുത്തുകൾ മനസിലാക്കാനും കഴിയുന്ന ഒരു അല്മായ തലമുറയ്ക്ക് മാത്രമേ പ്രാദേശിക സഭാരൂപീകരണത്തിൽ സജീവമായി പങ്കെടുക്കാനും പ്രതിസന്ധികളിൽ സഭയുടെ ശബ്ദമാകുവാനും ശക്തിപകരാനുമാകുകയുള്ളൂ.

**റീത്തുകളുടെയും രൂപതകളുടെയും പേരിൽ വിഘടിച്ചു നിൽക്കാതെ ആചാരപാരമ്പര്യ അനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ഭാരതത്തിലെ കത്തോലിക്ക വിശ്വാസിസമൂഹത്തെ ഒരൊറ്റക്കാഴ്ചപ്പാടിൽ കോർത്തിണക്കി ദേശീയതലത്തിൽ സഭാനേതൃത്വത്തിന് കരുത്തേകി അല്മായസമൂഹത്തിന്റെ ഒരു നവനേതൃത്വനിര പടുത്തുയർത്തുവാനും സഭയിൽ പുതിയൊരു അല്മായ മുഖം സൃഷ്ടിക്കുവാനുമുള്ള ശ്രമമാണ് സിബിസിഐ ലെയ്റ്റി കൗൺസിൽ ലക്ഷ്യമിടുന്നത്.**

### സിബിസിഐ ലെയ്റ്റി കൗൺസിൽ

132 ലാറ്റിൻ, 31 സീറോ മലബാർ, 11 സീറോ മലങ്കര എന്നിങ്ങനെ 3 സഭാവിഭാഗങ്ങളിലായി 174 രൂപതകളാണ് ഇന്ന് ഭാരത കത്തോലിക്കാസഭയിലുള്ളത്. 174 രൂപതകളുടെയും പ്രവർത്തനങ്ങളുടെ കൂട്ടായ്മയാണ് കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ അഥവാ സിബിസിഐ. ഈ 174 രൂപതകളിലായി ഒട്ടേറെ അല്മായ പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. യുവജനങ്ങൾക്കായി ദേശീയതലത്തിൽ ഐസിവൈഎം എന്ന കോർഡിനേഷനുമുണ്ട്. യുവജനങ്ങളും വനിതകളും പുരുഷന്മാരുമെല്ലാം ചേർന്നതാണ് സഭയിലെ അല്മായ സമൂഹം. വിവിധ രൂപതകളിലായി പ്രവർത്തിക്കുന്ന അഥവാ 3 റീത്തുകളിലായുള്ള അല്മായ പ്രസ്ഥാനങ്ങൾ ദേശീയതലത്തിൽ സഹകരിച്ചും യോജിച്ചുമുള്ള പ്രവർത്തനങ്ങൾക്ക് വഴിയൊരുക്കുകയാണ് സിബിസിഐ ലെയ്റ്റി കൗൺസിൽ ലക്ഷ്യമിടുന്നത്.

സഭയിലെ അല്മായരിൽ വളരെ ന്യൂനപക്ഷമേ അല്മായസംഘടനകളിലുള്ളൂവെന്നതാണ് യാഥാർത്ഥ്യം. വിദ്യാഭ്യാസ, ആരോഗ്യ, നിയമ മേഖലകളിൽ കാർഷിക, സാമൂഹ്യ സേവന, സാംസ്കാരിക, രാഷ്ട്രീയ തലങ്ങളിൽ, സർക്കാർ , അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ, വാണിജ്യ, വ്യവസായ സംരംഭങ്ങളിൽ എന്നു വേണ്ട ജീവിതത്തിന്റെ സമസ്ത മേഖലകളിലുമുള്ള സഭാമക്കളെ സഭയുടെ ദേശീയമുഖ്യധാരയിൽ ഉയർത്തിക്കാട്ടിയും ശക്തിപ്പെടുത്തിയും സഭയ്ക്ക് പുതിയ മുഖവും പുത്തൻ ഉണർവ്വും സാധ്യമാക്കേണ്ടിയിരിക്കുന്നു.

വരുംനാളുകളിൽ വലിയ പ്രതിസന്ധികളെയായിരിക്കും ഭാരതസഭ നേരിടേണ്ടി വരുന്നത്. ഇത് തിരിച്ചറിയണമെങ്കിൽ ഇന്ത്യയുടെ മാറിക്കൊണ്ടിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ മേഖലകളെക്കുറിച്ച് സഭാനേതൃത്വവും വിശ്വാസിസമൂഹവും പഠിക്കണം. എതിർപ്പുകളും ആക്ഷേപ അവഹേളനങ്ങളും നിരന്തരം നേരിടേണ്ടിവരും. സഭയുടെ സേവനശുശ്രൂഷാ മേഖലകളിലേയ്ക്കും ആത്മീയ തലങ്ങളിലേയ്ക്കും ഈ എതിർപ്പുകളിന്ന് വ്യാപിക്കുന്നു. ഭരണഘടന വാഗ്ദാനം ചെയ്യുന്ന അവകാശങ്ങളിന്മേലുള്ള നീതി പോലും ഇപ്പോൾ നിഷേധിക്കുമ്പോൾ നിശബ്ദരായി നോക്കിയിരിക്കാനേ നമുക്കാകുന്നുള്ളൂ. വിഘടിച്ചുനിൽക്കുമ്പോൾ മൗലിക അവകാശങ്ങൾ പോലും റദ്ദ്ചെയ്യുന്നതിന് നാം സാക്ഷികളാകേണ്ടിവരും. സഭാവിരുദ്ധ ശക്തികളും ചിന്തകളും വിശ്വാസിസമൂഹത്തിലേയ്ക്ക് അനുദിനം കടന്നുകൂടി കരുത്താർജിക്കുന്നത് ഈ വൈകിയവേളയിലെങ്കിലും നാം തിരിച്ചറിഞ്ഞേ പറ്റൂ.

ആത്മീയതയെ അട്ടിമറിച്ച് സമ്പത്തും സ്ഥാപനങ്ങളും സഭയിൽ ഇടംതേടുന്നതിന്റെ ഭവിഷ്യത്തുകൾ ഭിന്നതകളുടെയും പരസ്പരം പോരടിക്കുന്നതിന്റെയും രൂപത്തിൽ സഭയേയും സഭാമക്കളേയും പൊതുസമൂഹത്തിൽ അപഹാസ്യപ്പെടുത്തുന്നു. സഭാസംവിധാനങ്ങളിൽ അല്മായ പങ്കാളിത്തം സജീവമാക്കി ഇതിൽ നിന്നൊരു മാറ്റവും ഉയർത്തെഴുന്നേൽപ്പുമുണ്ടാകുന്നില്ലെങ്കിൽ ഭാരതസഭയ്ക്ക് കൂടുതൽ വെല്ലുവിളികളെ നേരിടേണ്ടിവരും. റീത്തുകളുടെയും രൂപതകളുടെയും പേരിൽ വിഘടിച്ചുനിൽക്കാതെ ആചാരപാരമ്പര്യ അനുഷ്ഠാനങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ, ഭാരതത്തിലെ കത്തോലിക്ക വിശ്വാസിസമൂഹത്തെ ഒരൊറ്റച്ചരടിൽ കോർത്തിണക്കി ദേശീയതലത്തിൽ സഭാനേതൃത്വത്തിന് കരുത്തേകി അല്മായസമൂഹത്തിന്റെ ഒരു നവനേതൃത്വനിര പടുത്തുയർത്തുവാനും സഭയിൽ പുതിയൊരു അല്മായ മുഖം സൃഷ്ടിക്കുവാനുമുള്ള ശ്രമമാണ് സിബിസിഐ ലെയ്റ്റി കൗൺസിൽ ലക്ഷ്യമിടുന്നത്.

# Catholic Laity Activities to strengthen National Level: CBCI Council for Laity

New Delhi: Chevalier Adv. V. C. Sebastian, Secretary, CBCI Council for Laity announced that the action plan for Catholic Laity activities will be formulated to strengthen the Laity at the National Level.

The action plan is designed to strengthen Laity activities, to foster a spirit of unity in the Church so that the Laity will protect and support the interests of the Church thereby presenting and projecting the Church and her teaching in the world by word and deeds. This is needed in the light of the various challenges faced by the Church in India, to exercise and propagate her freedom as enshrined in the Constitution.

The Council for Laity calls upon the faithful of the Catholic Church and other Christian Churches to stand together, unified to face the challenges against Christian faith and morals.

The Council proposes to educate the Laity on the teaching of the Church, and the Vatican Council Documents, to enliven and rejuvenate the faithful. starting at the grass-root level of the Small Christian Communities and going up to the National level to foster a "We feeling" among them.

The Laity Council will harness the resources, both human and temporal, of the pious and Lay organizations to form a National Laity Team with representations from the 174 Catholic Dioceses. This team will be the "Laity face of the Church" in India.

The Council Secretary, Chev. Sebastian said that a national conference with Laity Commission representatives of 14 Regional Council of the CBCI, and Laity Commission Secretaries of the Latin, Syro-Malankara and Syro-Malabar Churches will be called together immediately to chalk out a national level action plan of the Council for Laity.

# ക്രൈസ്തവർക്കെതിരെ രാജ്യത്തു ആക്രമണങ്ങൾ കൂടുന്നു

ന്യൂഡൽഹി: രാജ്യത്ത് ക്രൈസ്തവർക്കെതിരെ ഏറ്റവും കൂടുതൽ ആക്രമണങ്ങൾ നടക്കുന്നത് ഉത്തർപ്രദേശിലെന്ന് റിപ്പോർട്ട്. മതസ്വാതന്ത്ര്യത്തിനുവേണ്ടി പ്രവർത്തിക്കുന്ന അലയൻസ് ഡിഫൻഡിംഗ് ഫ്രീഡം എന്ന സംഘടന നടത്തിയ പഠനറിപ്പോർട്ടിലാണ് ഈ വിവരമുള്ളത്. ഒക്ടോബർ അവസാനം വരെ രാജ്യവ്യാപകമായി ക്രൈസ്തവർക്കെതിരെ നടന്ന 219 അക്രമങ്ങളിൽ 71 എണ്ണവും ഉത്തർപ്രദേശിലെ വിവിധ ജില്ലകളിൽ നിന്നാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. രാജ്യത്ത് ഈ കാലയളവിൽ ക്രൈസ്തവർക്കെതിരെ 192 ആൾക്കൂട്ട അക്രമണം നടന്നു. 160 വനിതകൾക്കും 139 കുട്ടികൾക്കും പരിക്കേറ്റു. ഉത്തർപ്രദേശിലെ അക്രമസംഭവങ്ങളിൽ 22 എണ്ണം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ മണ്ഡലമായ വാരാണസിക്കുസമീപം ജൗൻപൂരിലാണ് നടന്നത്. സെപ്തംബർ ആരംഭിച്ചപ്പോൾ തന്നെ ആക്രമണ ഭീഷണിയുടെ പശ്ചാത്തലത്തിൽ 40 ദേവാലയങ്ങളിലാണ് പ്രാർത്ഥനയും മറ്റു ചടങ്ങുകളും നടത്തുന്നത് പോലീസ് വിലക്കിയത്. ഇത്തരം സംഭവങ്ങളിൽ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻപോലും പോലീസ് അനുവദിക്കുന്നില്ലെന്നാണ് വിവിധ ക്രൈസ്തവ സഭാധികൃതർ പറയുന്നത്.

# കാമറൂണിൽ വീണ്ടും വൈദിക കൊലപാതകം

യോണ്ടേ: ആഫ്രിക്കൻ രാജ്യമായ കാമറൂണിൽ രാഷ്ട്രീയ നേതൃത്വവും സൈന്യവും തമ്മിൽ നടക്കുന്ന സംഘട്ടനങ്ങളിൽ വീണ്ടും കത്തോലിക്കാ വൈദികൻ കൊല്ലപ്പെട്ടു. മാംഫെ നഗരത്തിൽ നടന്ന വെടിവെയ്പിലാണ് കഴിഞ്ഞ ദിവസം ഫാ.കോസ്മാസ് ഒമബാറ്റോ ഓണാരി എന്ന വൈദികൻ കൊല്ലപ്പെട്ടത്. മിൽ ഹിൽ മിഷനറീസ് സഭാംഗമായ അദ്ദേഹം വൈദികനായി





അഭിഷിക്തനായ 2017 മാർച്ച് മുതൽ കാമറൂണിൽ സേവനമനുഷ്ഠിച്ചുവരികയായിരുന്നു. അക്രമികൾ അദ്ദേഹത്തെ ലക്ഷ്യം വെച്ച് വെടിയുതിർക്കുകയായിരുന്നുവെന്ന് സഭാധികൃതർ പ്രസ്താവനയിൽ സൂചിപ്പിച്ചു.

കാമറൂണിൽ ഇംഗ്ലീഷ്-ഫ്രഞ്ച് ഭാഷകൾ സംസാരിക്കുന്ന പ്രദേശങ്ങളെ വിഭജിക്കണമെന്ന ആവശ്യവുമായി കലാപം തുടരുന്ന ഗറില്ലകൾ അമബസോണിയ എന്ന സ്വതന്ത്രരാഷ്ട്രം പ്രഖ്യാപിച്ചിരുന്നു. ഇതോടനുബന്ധിച്ച് നടന്ന പ്രക്ഷോഭങ്ങളിൽ നൂറുകണക്കിന് ആളുകളാണ് മരണമടഞ്ഞത്. മൂന്നുലക്ഷത്തോളം പേർ രാജ്യത്തുനിന്നും പാലായനം ചെയ്തിരുന്നു. അധികാരികൾക്കും പ്രക്ഷോഭകർക്കും ഇടയിൽ കത്തോലിക്കാസഭയാണ് സന്ധിസംഭാഷണത്തിന് നേതൃത്വം നൽകുന്നത്. ഇക്കഴിഞ്ഞ ജൂലൈ മാസത്തിൽ അക്രമികളുടെ വെയിയേറ്റ് മറ്റൊരു വൈദികൻ കൊല്ലപ്പെട്ടിരുന്നു. ഇതിന്റെ ഞെട്ടൽ മാറും മുമ്പാണ് അടുത്ത കൊലപാതകം നടന്നിരിക്കുന്നത്.

# ജനപ്രതിനിധികൾ പ്രശ്നങ്ങളിൽ നിന്ന് ഒളിച്ചോടുന്നു: ഇൻഫാം

കൊച്ചി: പ്രളയദുരന്തം, കടക്കെണി, കാർഷികോല്പന്ന വിലത്തകർച്ച, വ്യാപാര വാണിജ്യമേഖലയിലെ സ്തംഭനം, ജീവൽമരുന്നുകൾക്കുള്ള വിലക്കയറ്റം തുടങ്ങി അതീവ ഗുരുതരപ്രശ്നങ്ങൾമൂലം സംസ്ഥാനത്തെ ജനജീവിതമൊന്നാകെ സ്തംഭിച്ചിരിക്കുമ്പോൾ ജനപ്രതിനിധികൾ ഉത്തരവാദിത്വങ്ങളിൽ നിന്ന് ഒളിച്ചോടുന്നത് ജനവഞ്ചനയും ക്രൂരതയുമാണെന്ന് ഇൻഫാം ആരോപിച്ചു.

പ്രളയദുരന്തവും ഉരുൾപൊട്ടലും പ്രകൃതിക്ഷോഭവുമേൽപ്പിച്ച ആഘാതത്തിൽ നിന്ന് ദുരിതബാധിതപ്രദേശങ്ങളിലെ ലക്ഷക്കണക്കായ ജനങ്ങൾ ഇതുവരെയും കരകയറിയിട്ടില്ല. സർക്കാർ നിരന്തരം നടത്തുന്ന പ്രഖ്യാപനങ്ങൾ പ്രായോഗികതലത്തിൽ നടപ്പിൽ വരുത്താതെ ഉദ്യോഗസ്ഥ സംവിധാനങ്ങൾ നിരന്തരം അട്ടിമറിക്കുന്നു. പട്ടിണിയും ദാരിദ്ര്യവും സാമ്പത്തിക തകർച്ചയുംമൂലം ഒട്ടേറെപ്പേർ ആത്മഹത്യയുടെ മുനമ്പിലാണ്. കൃഷിയിടങ്ങൾ പലതും ഉപയോഗശൂന്യമായി. കാലാവസ്ഥാവ്യതിയാനംമൂലം ഉല്പാദനവും കുറഞ്ഞു. കാർഷികോല്പന്നങ്ങളുടെ വിലത്തകർച്ചയും കടക്കെണിയും വൻപ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും ഇൻഫാം സൂചിപ്പിച്ചു.

## രാഷ്ട്രീയ കിസാൻ മഹാസംഘ് കേന്ദ്രസർക്കാരിന് നിവേദനം നൽകി

# പ്രളയദുരന്തം നേരിട്ട കർഷകരെ രക്ഷിക്കാൻ 19000 കോടി രൂപയുടെ പാക്കേജ് വേണം

കോട്ടയം: കേരളത്തിലുണ്ടായ പ്രളയദുരന്തം കാർഷികമേഖലയെ തകർത്തുവെന്നും അതിനാൽ സംസ്ഥാനത്തെ കർഷകരെ രക്ഷിക്കാൻ കേന്ദ്രസർക്കാർ 19000 കോടി രൂപയുടെ പാക്കേജ് അനുവദിക്കണമെന്നും ആവശ്യപ്പെട്ട് രാഷ്ട്രീയ കിസാൻ മഹാസംഘ് കേന്ദ്ര കൃഷിമന്ത്രിക്കും കേന്ദ്ര ധനകാര്യമന്ത്രിക്കും നിവേദനം നൽകി. രാഷ്ട്രീയ കിസാൻ മഹാസംഘ് സംസ്ഥാന ചെയർമാൻ ഷെവലിയാർ വി.സി.സെബാസ്റ്റ്യൻ, ജനറൽ കൺവീനർ പി.റ്റി.ജോൺ, നാഷണൽ കോർഡിനേറ്റർ കെ.വി.ബിജു എന്നിവരുടെ നേതൃത്വത്തിലാണ് നിവേദനം നൽകിയത്.

കേരളത്തെ പ്രളയദുരന്തം എങ്ങനെ ബാധിച്ചുവെന്ന് കൃത്യമായി പറയുന്ന നിവേദനത്തിൽ കാർഷികമേഖലയെ എങ്ങനെയാണ് ബാധിച്ചതെന്നും വ്യക്തമാക്കുന്നു. കൃഷിഭൂമി ഉപയോഗയോഗ്യമല്ലാതായതും തോട്ടവിളകൾക്കുണ്ടായ നാശവും എടുത്തുപറഞ്ഞിട്ടുണ്ട്. വിവിധ കൃഷികളും വളർത്തുമൃഗങ്ങളും കോഴിവർഗ്ഗങ്ങളും ഉൾപ്പെടെ കേരളത്തിലെ കർഷകനുണ്ടായ ആകെ നഷ്ടം കേരള കൃഷിവകുപ്പ് തയ്യാറാക്കിയതനുസരിച്ച് 19000 കോടി ആണെന്നും നിവേദനത്തിൽ പറയുന്നു.

ആഗോളവൽക്കരണം മൂലമുള്ള അനിയന്ത്രിതമായ കാർഷികോല്പന്ന ഇറക്കുമതി സൃഷ്ടിച്ച വിലത്തകർച്ചയിൽ കർഷകർ കടക്കെണിയിൽ മുങ്ങിത്താഴുന്ന അവസ്ഥയിലാണ് പ്രളയം വന്നതെന്നും അതിനാൽ തന്നെ കർഷകന് വീണ്ടും കൃഷി ആരംഭിക്കുവാനും ഉപജീവനത്തിനും കേന്ദ്രസർക്കാർ പദ്ധതിയില്ലാതെ സാധിക്കില്ലെന്നും നിവേദനത്തിൽ പറയുന്നു. കർഷകർ ആത്മഹത്യ ചെയ്തുകൊണ്ടിരിക്കുകയാണ്. കൂടുതൽ ആത്മഹത്യകൾ തടയാൻ എത്രയും പെട്ടെന്ന് 19000 കോടി രൂപയുടെ പാക്കേജ് അനുവദിക്കണമെന്നും ആവശ്യപ്പെട്ടു. കേന്ദ്ര ധനമന്ത്രിക്കുള്ള പ്രത്യേക നിവേദനത്തിൽ കേരളത്തിലെ കർഷകരുടെ എല്ലാ കടങ്ങളും എഴുതിത്തള്ളാൻ നടപടി എടുക്കണമെന്ന് ആവശ്യപ്പെട്ടു.

ബാങ്കുകളുടെ കമ്മിറ്റിയുമായി ചർച്ച ചെയ്ത് സംസ്ഥാനസർക്കാർ കേരളത്തിലെ എല്ലാ കാർഷികകടങ്ങൾക്കും മോറട്ടോറിയം ഒരു വർഷത്തേയ്ക്ക് പ്രഖ്യാപിച്ചു. എങ്കിലും ബാങ്കുകൾ കർഷകർക്ക് നോട്ടീസ് അയച്ചുകൊണ്ടിരിക്കുകയാണ്. നോട്ടീസ് ലഭിച്ച പല കർഷകരും ആത്മഹത്യചെയ്തു.

കേന്ദ്ര സംസ്ഥാന സർക്കാരുകൾ കർഷക ആത്മഹത്യകളെ നിസാരവത്കരിക്കുന്നത് കുറ്റകരമായ അനാസ്ഥയാണ്. കർഷകർക്കെതിരായ ജപ്തിനടപടികൾ അടിയന്തിരമായി നിർത്തിവെയ്ക്കാൻ ബാങ്കുകളോട് ആവശ്യപ്പെടണമെന്നും മോറട്ടോറിയം നിലനിൽക്കെ നോട്ടീസ് അയച്ച് കർഷകൻ മരിച്ച സംഭവത്തിൽ ബാങ്ക് ഉദ്യോഗസ്ഥർക്കെതിരെ കൊലക്കുറ്റത്തിന് കേസ് എടുക്കണമെന്നും രാഷ്ട്രീയ കിസാൻ മഹാസംഘിന്റെ നിവേദനത്തിൽ പറയുന്നു.

# കേന്ദ്ര സംസ്ഥാന സർക്കാരുകൾ റബർ കർഷകരെ വഞ്ചിക്കുന്നു: ഇൻഫാം

കൊച്ചി: അനിയന്ത്രിതമായ ഇറക്കുമതിക്ക് ഒത്താശചെയ്ത് ആഭ്യന്തര റബർവിപണി തകർത്ത് കേന്ദ്രസർക്കാരും, വിലത്തകർച്ചയിൽ കർഷകർക്ക് ആശ്വാസമേകിയ റബർ വിലസ്ഥിരതാഫണ്ട് അട്ടിമറിച്ച് സംസ്ഥാന സർക്കാരും കർഷകരെ വഞ്ചിക്കുകയാണെന്ന് ഇൻഫാം ആരോപിച്ചു.

ചരിത്രത്തിലെ ഏറ്റവും കൂടുതൽ റബർ ഇറക്കുമതിക്കാണ് ഈ വർഷം ഇന്ത്യയുടെ റബർവിപണി സാക്ഷ്യം വഹിക്കുന്നത്. വിലത്തകർച്ചമൂലം റബർകൃഷിയിൽ നിന്ന് കർഷകർ പിന്മാറിയിട്ടും ആഭ്യന്തരവിപണി വീണ്ടും തകർച്ചനേരിടുന്നതിന്റെ പിന്നിൽ വ്യവസായികളും റബർ ബോർഡും വാണിജ്യ മന്ത്രാലയവും ചേർന്നുള്ള ഒത്തുകളിയാണ്. 2025നോടുകൂടി റബറിന് ശോഭനമായ ഭാവിയുണ്ടാകുമെന്ന് വിദഗ്ദ്ധന്മാർ നടത്തുന്ന അഭിപ്രായപ്രകടനങ്ങൾ അനുഭവജ്ഞാനമുള്ള കർഷകർക്ക് മുഖവിലയ്ക്കെടുക്കാനാവില്ല. ഇക്കാലമത്രയും റബർകൃഷിയുമായി കർഷകരെങ്ങനെ മുന്നോട്ടുപോകുമെന്ന് ഇവർക്കാർക്കും വ്യക്തമാക്കാനാകാത്തത് ദുഃഖകരമാണ്. കേരളത്തിലെയും ത്രിപുരയിലെയും റബർകർഷകരോട് രണ്ടുനയമാണ് റബർബോർഡ് സ്വീകരിച്ചിരിക്കുന്നത്. കേരളത്തിൽ ആവർത്തനകൃഷിക്ക് സബ്സിഡി നൽകാതെ പുതുകൃഷിക്ക് ഹെക്ടറിന് 25,000 രൂപയും ത്രിപുരയിൽ 40,000 രൂപയുമെന്നത് കേരളത്തിലെ കർഷകരോടുള്ള നീതിനിഷേധമാണ്. ഇതിനെതിരെ സംസ്ഥാന സർക്കാരും ജനപ്രതിനിധികളും അടിയന്തര ഇടപെടൽ നടത്തണം.

സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച് നടപ്പിലാക്കിയിരുന്ന റബർവിലസ്ഥിരതാപദ്ധതി കേരളത്തിലെ ചെറുകിട റബർകർഷകർക്ക് ആശ്വാസമായിരുന്നു. എന്നാൽ കഴിഞ്ഞ എട്ടുമാസക്കാലമായി ഈ പദ്ധതിയിൽ നിന്ന് യാതൊരുവിഹിതവും കർഷകർക്ക് ലഭിക്കുന്നില്ല.

പ്രളയദുരിതമേൽപിച്ച ആഘാതം കാർഷികമേഖലയിൽ വൻപ്രതിസന്ധിയായി നിലനിൽക്കുമ്പോൾ സംസ്ഥാന സർക്കാരും കർഷകനിഷേധനിലപാട് തുടരുന്നത് ഉത്തരവാദിത്വങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമാണ്. റബർ വിലസ്ഥിരതാപദ്ധതി അടിയന്തരമായി പുനഃക്രമീകരിച്ച് വിലത്തകർച്ചയിൽ റബർ കർഷകർക്ക് സംരക്ഷണമേകുവാൻ സംസ്ഥാന സർക്കാർ തയ്യാറാകണമെന്നും ഇൻഡ്യൻ ഫാർമേഴ്സ് മൂവ്മെന്റ് ദേശീയസമിതി അഭ്യർത്ഥിച്ചു.

# ‘അബർഡീൻ’ ഗ്രേറ്റ് ബ്രിട്ടനിലെ പ്രഥമ മിഷൻ; ചരിത്രമുഹൂർത്തത്തിന് സാക്ഷികളായി നൂറുകണക്കിനാളുകൾ

ഫാ.ബിജു കുന്നയ്ക്കാട്ട്



അബർഡീൻ: ഗ്രേറ്റ് ബ്രിട്ടൻ സീറോ മലബാർ രൂപതയുടെ ആദ്യമിഷൻ സെന്ററായി പ്രഖ്യാപിച്ചതിന്റെ ചാരിതാർഥ്യത്തിൽ അബർഡീൻ. അബർഡീൻ സെന്റ്മേരീസ് ദൈവാലയത്തിൽ നടന്ന ചടങ്ങുകൾക്കിടയിലാണ് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി ആദ്യ മിഷൻ സെന്റർ പ്രഖ്യാപിച്ചത്. രൂപതാധ്യക്ഷൻ മാർ ജോസഫ് സ്രാമ്പിക്കൽ, അബർഡീൻ ബിഷപ്പ് ഹ്യൂഗ് ഗിൽബെർട്, പ്രീസ്റ്റ് കോർഡിനേറ്റർ ഫാ.ജോസഫ് പിണക്കാട്ട്, വൈദികർ, നൂറുകണക്കിന് വിശ്വാസികൾ എന്നിവർ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു.

അബർഡീൻ പ്രീസ്റ്റ് ഇൻ ചാർജ് ഫാ.ജോസഫ് പിണക്കാട്ട് ചടങ്ങുകൾക്കെത്തിയ വിശിഷ്ടാതിഥികൾക്ക് സ്വാഗതമാശംസിച്ചു. തുടർന്ന് റീജിയണൽ കോർഡിനേറ്റർ ഫാ.ജോസഫ് വെമ്പാടുംതറ, മിഷൻ പ്രഖ്യാപിക്കുന്നതിനൊരുക്കമായ ഡിക്രി വായിച്ചു. അതിനുശേഷം തിരിതെളിച്ച് ബിഷപ്പുമാർ മിഷൻ ഉദ്ഘാടനം ചെയ്തു. തുടർന്ന് കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയുടെ മുഖ്യകാർമ്മികത്വത്തിലുള്ള വിശുദ്ധ കുർബാനയ്ക്കുശേഷം സ്നേഹവിരുന്നോടെ ചടങ്ങുകൾ സമാപിച്ചു.

കൂടാതെ, ഗ്ലാസ്ഗോയിലും എഡിൻബോറോയിലും ഹാമിൽട്ടനിലും പുതിയ മിഷനുകൾ പ്രഖ്യാപിച്ചു. തിരുക്കർമ്മങ്ങൾക്ക് കർദിനാൾ മാർ ആലഞ്ചേരി, മാർ സ്രാമ്പിക്കൽ എന്നിവർ നേതൃത്വം നൽകി. പ്രീസ്റ്റ് കോർഡിനേറ്റേഴ്സ്, മറ്റു വൈദികർ, അല്മായ വിശ്വാസികൾ തുടങ്ങി നൂറുകണക്കിനാളുകൾ ചടങ്ങുകൾക്ക് സാക്ഷ്യം വഹിച്ചു. ഇതോടനുബന്ധിച്ച് മദർവെൽ രൂപതാബിഷപ് ഡോ. ജോസഫ് ടോൾ, ഡൻഡി രൂപതാബിഷപ് ഡോ.സ്റ്റീഫൻ റോബ്സ എന്നിവരുമായി കർദിനാൾ മാർ ജോർജ് ആലഞ്ചേരി കൂടിക്കാഴ്ച നടത്തിയിരുന്നു.

# Support education of poor Catholic children: Guwahati archbishop




New Delhi : An Indian prelate has called on those who engaged in education ministry in the country to support for the education of poor Catholic children.

“In the face of the multiple pressures that all of us have while running Catholic educational institutions, we need to focus our attention and works for the Catholic children. Organize scholarships for needy children and keep alive our option for the poor,” said Archbishop John Moolachira of Guwahati, a member of the Catholic Bishops’ Conference of India (CBCI) Office for Education.

He was speaking at the national CBCI education consultation on November 14 and National and Provincial Education Coordinators of various Religious Congregations in India at Don Bosco Provincial House, Okhla, New Delhi.More than 100 participants across India attended it.

Archbishop Moolachira said all those who are engaged in education need to imbibe the spirit of the Church, compassion for the needy and a heart for the poor. The need of the hour was to work in collaboration and adopt participatory management, continuously motivating the school staff and training them and seek their full participation in the mission and full cooperation, he said.

In the key-note Archbishop Thomas D’Souza of Kolkata, chairperson of the CBCI Office for Education and Culture, highlighted the salient and relevant features of the policy contained in the “All India Catholic Education Policy” and the importance of implementing them.

**( Matters India)**

Dr. P.M. Chacko Palakunnel
Mob: 9746085144



# പൈശാചികത ജീവിതം തകർക്കുമ്പോൾ

സ്മിത വിവാഹിതയായിട്ട് നാലു വർഷമായി. രണ്ടു ഗർഭങ്ങൾ മൂന്നാം മാസത്തിൽ സ്വാഭാവികമായി അലസിപ്പോയി. നല്ല ഒരു ജോലിയുണ്ട്. ചെറുപ്പത്തിൽ നല്ല ഈശ്വരവിശ്വാസിയായിരുന്നു. പ്രാർത്ഥനകളിലും ധ്യാനങ്ങളിലും ധാരാളമായി പങ്കെടുത്തിരുന്നു. കൗമാരപ്രായത്തിന്റെ അവസാനഘട്ടങ്ങളിൽ ഈശ്വരനെപ്പറ്റി സംശയങ്ങൾ തുടങ്ങി. ദൈവം അവിടെയിരുന്ന് മനുഷ്യന്റെ ദൈവത്തെ പുകഴ്ത്തൽ കേട്ട് ആസ്വദിച്ചിരിക്കുകയാണെന്നും എപ്പോഴും മനുഷ്യൻ കഷ്ടപ്പെട്ട് പ്രാർത്ഥിക്കുവാൻ നിർബന്ധിക്കപ്പെടുകയാണെന്നും അവൾക്ക് തോന്നാൻ തുടങ്ങി. മനുഷ്യന് കഷ്ടതകൾ നൽകി ദൈവം ഇടയ്ക്കിടെ ആസ്വദിക്കുകയും ചെയ്യുന്നു എന്നവൾ ചിന്തിച്ചുകൊണ്ടിരുന്നു. ഒൻപതാം ക്ലാസിൽ പഠിക്കുമ്പോൾ അവളുടെ അപ്പന് മാരകമായ ഒരു രോഗം വന്നു. അവൾ കരഞ്ഞുകൊണ്ട് ദൈവത്തെ ശപിച്ചെങ്കിലും പ്രാർത്ഥിച്ചുകൊണ്ടിരുന്നു. രോഗത്തിൽ നിന്ന് വിമുക്തി കൊടുത്തതോർത്ത് നന്ദി പറയുന്നതിനു പകരം രോഗം തന്ന് ഉപദ്രവിച്ച ദൈവത്തെ പഴിയ്ക്കുകയാണവൾ ചെയ്തത്.

അവൾ ഇരുനിറക്കാരിയായിരുന്നെങ്കിലും സുന്ദരിയായിരുന്നു. അവളുടെ സഹോദരിക്ക് നല്ലനിറവും സൗന്ദര്യവുമുണ്ടായിരുന്നു. അവളോട് അവൾക്ക് അസൂയയുണ്ടായിരുന്നതിനാൽ അവർ തമ്മിൽ വഴക്കുപിടിച്ചിരുന്നു. ജേഷ്ഠത്തിയുടെ വിവാഹം പെട്ടെന്ന് നടക്കുകയും അവൾ വിദേശത്തേയേക്ക് ഭർത്താവിനൊപ്പം പോകുകയും ചെയ്തു. അവൾക്കും ഭർത്താവിനും നല്ല ജോലിയും ഉയർന്ന സാമ്പത്തിക നിലയും ഉണ്ടായി. മാതാപിതാക്കൾ ഇടയ്ക്കിടെ അവളുടെ അടുത്ത് പോയി താമസിക്കാൻ തുടങ്ങി. തിരിച്ചുവരുമ്പോൾ അവരെ വാനോളം പുകഴ്ത്തി സംസാരിക്കുന്നത് കേൾക്കുമ്പോൾ സ്മിതയ്ക്ക് കടുത്ത ക്രോധം ഉണ്ടാകുകയും പൊട്ടിത്തെറിക്കുകയും ചെയ്യും. പല വിവാഹാലോചനകൾ വന്നെങ്കിലും ഇഷ്ടപ്പെടാതെ സ്മിത അവരെയൊക്കെ തിരിച്ചയച്ചു.വിവാഹം നടക്കാൻ താമസം വന്നപ്പോൾ മാതാപിതാക്കൾ അവളെ ശകാരിച്ചു. പുരുഷന്മാരെ ഇഷ്ടപ്പെടാത്തത് അഹങ്കാരം കൊണ്ടാണെന്ന് പറഞ്ഞ് അവഹേളിച്ചു. ഈ നാശം കാരണം ഞങ്ങൾ കഷ്ടപ്പെടുകയാണെന്നും ഇതിനെ ഒന്ന് ഇറക്കിവിട്ടിരുന്നെങ്കിൽ മൂത്ത മകളുടെ കൂടെ സുഖമായി ജീവിക്കാമായിരുന്നുവെന്നും അപ്പൻ പലപ്രാവശ്യം പറയുന്നത് അവൾ കേൾക്കാൻ ഇടയായി.

അവളുടെ മനസിൽ മാതാപിതാക്കളോട് കടുത്ത വിദ്വേഷം വളർന്നുവന്നു. പിന്നീട് അവൾക്ക് ഇഷ്ടപ്പെട്ട ഒരാളെ വിവാഹം കഴിച്ച് സുഖമായി ജീവിക്കാനാരംഭിച്ചു. അയാൾക്ക് അവളെ വലിയ സ്നേഹമായിരുന്നു. അയാളുടെ വീട്ടിൽ ചെന്ന് ഞാൻ ഈ വീട്ടിൽനിന്ന് രക്ഷപെട്ടപ്പോൾ മുതൽ എനിക്ക് നല്ല സന്തോഷമാണെന്ന് അപ്പനോട് പറഞ്ഞു. തന്നെ അവഹേളിച്ച മാതാപിതാക്കളോട് പ്രതികാരം ചെയ്യാനാണ് ഇങ്ങനെ പറഞ്ഞതെന്നും അവൾ പറഞ്ഞു. ഇടയ്ക്കിടെ ഫോണിലൂടെയും മാതാപിതാക്കളുമായി വഴക്കടിച്ചുകൊണ്ടിരുന്നു.

ഇതിനിടെ അവളുടെ സ്വഭാവത്തിന് വ്യക്തമായ മാറ്റങ്ങൾ കണ്ടുതുടങ്ങി. കുടുംബപ്രാർത്ഥനയിൽ പങ്കുചേരാതിരിക്കുകയും പള്ളിയിൽ പോകുന്നത് നിർത്തുകയും ചെയ്തു. ദൈവത്തെപ്പറ്റി നിരന്തരം പരാതിപറഞ്ഞുകൊണ്ടിരുന്നു. ഇതിനിടെ വീണ്ടും ധ്യാനങ്ങൾ കൂടി. ചിലയാളുകളിൽ നിന്ന് വികൃതമായ ശബ്ദത്തോടെ പിശാചുക്കൾ പുറത്തുപോകുന്നതുകണ്ട് ഭയപ്പെട്ടു. പിശാച് എല്ലായിടത്തുമുണ്ടെന്നും അത് തന്നെയും കൂട്ടരെയും നശിപ്പിച്ചേക്കാമെന്നോർത്ത് വിഷമിച്ചു. വിക്സ്, കോൾഗേററ് തുടങ്ങിയവയിൽപോലും പൈശാചികതയുണ്ടെന്നും ചില വ്യവസായികളുടെ ഭക്ഷണധാന്യങ്ങളിൽ പോലും പിശാച്ബാധയുണ്ടെന്നും അടിയുറച്ചു വിശ്വസിച്ചു. അതുകൊണ്ട് അരികഴുകുമ്പോൾ അതിൽ നിരന്തരം കുരിശുവരയ്ക്കാൻ തുടങ്ങി. സാത്താന്റെ കുരിശ് വളഞ്ഞതും വിലങ്ങനെയുള്ള കാലുകൾ കുറച്ചുതാഴെ സ്ഥിതി ചെയ്യുന്നതുമാണെന്നും ആരോ പറഞ്ഞു. അതുകൊണ്ട് ഭക്ഷണസാധനങ്ങൾ കഴുകി അവയിൽ കുരിശുവരയ്ക്കുമ്പോൾ കുരിശെങ്ങാനും തെറ്റിപ്പോയാൽ സാത്താൻ കയറുമെന്നോർത്ത് വീണ്ടും വീണ്ടും കുരിശുവരച്ചുകൊണ്ടിരുന്നു. ഇത് കാണുന്നവരൊക്കെ സ്മിതയ്ക്ക് മാനസികരോഗമാണെന്ന് സ്ഥിരീകരിക്കാൻ ശ്രമിച്ചു.

പ്രാർത്ഥിക്കാൻ സ്മിതയ്ക്ക് ഭയമായി. ഒരിക്കൽ സ്വന്തം വീട്ടിൽവച്ച് ഭർത്താ

വിനോട് ഏതോ കാര്യത്തിന് ദേഷ്യപ്പെട്ട് പ്രത്യുത്തരം പറഞ്ഞപ്പോൾ ഭർത്താക്കന്മാരെ ധിക്കരിക്കുന്നവർക്ക് നാശം ഭവിക്കുമെന്ന് പിതാവ് പറഞ്ഞു. പിന്നീട് അതോർത്തായിരുന്നു വിഷമം. തന്റെ ഭർത്താവ് മരിച്ചുപോകുമോ, തന്നെ ഇട്ടിട്ട് പോകുമോ എന്നൊക്കെ ചിന്തിച്ച് വിഷമിക്കാനും കരയാനും തുടങ്ങി.

ചെറുപ്പത്തിൽ വീട്ടിൽവച്ച് എതിർത്തു സംസാരിക്കുമ്പോൾ, നീ കല്യാണം കഴിച്ചുകഴിയുമ്പം അനുഭവിച്ചുകൊള്ളുമെന്നു പറഞ്ഞ് ശപിച്ചിരുന്നു. വിവാഹത്തിന് പള്ളിയിലേയ്ക്ക് പോകുവാൻ വാഹനം വഴിയിലേയ്ക്കിറങ്ങിയപ്പോൾ ആദ്യം കാണുന്നത് ഒരു ആംബുലൻസ് സൈറൻ മുഴക്കിക്കൊണ്ടുപോകുന്നതാണ്. പിന്നീട് പള്ളിയിൽ ചെന്ന് വിവാഹവും റിസപ്ഷനും കഴിഞ്ഞ് പുറത്തേയ്ക്കിറങ്ങിയപ്പോൾ മൃതസംസ്കാരത്തിനായി മൃതശരീരം നേരെ മുമ്പിലൂടെ പള്ളിയിലേയ്ക്ക് കൊണ്ടുവരുന്നതാണ് കണ്ടത്. അപ്പോൾ തന്റെ വിവാഹം പരാജയമായിരിക്കുമെന്നും മരണം പോലും സംഭവിച്ചേക്കാമെന്നതിന്റെ സൂചനയാണിവയൊക്കെയെന്നും അവൾ വിശ്വസിച്ചു ഭയപ്പെട്ടു.

ഇവിടെ സങ്കീർണ്ണായ പല പ്രശ്നങ്ങളുടെയും ഒത്തുചേരലാണ് ദൃശ്യമാകുക. തനിക്ക് നിറക്കുറവുള്ളതിനാൽ താൻ അപമാനിക്കപ്പെടുകയും മാതാപിതാക്കളാൽ വെറുക്കപ്പെടുകയും ചെയ്യുന്നുവെന്ന തോന്നൽ അവളിൽ ആഴമായുണ്ടായിരുന്നു. ദൈവത്തെപ്പോലെ മാതാപിതാക്കളെ സ്നേഹിച്ചിരുന്ന അവൾക്ക് മാതാപിതാക്കൾ സ്നേഹിക്കുന്നില്ല എന്ന തോന്നലുണ്ടായപ്പോൾ ദൈവത്തോടും സ്വാഭാവികമായ അകൽച്ച ഉണ്ടായിത്തുടങ്ങി. ദൈവത്തോടും മാതാപിതാക്കളോടുമുള്ള പ്രതികാരചിന്തയും, അപകർഷതാബോധവും, മൂത്തയാളോടുള്ള അസൂയയുമൊക്കെ അവളെ ഗ്രസിച്ചുതുടങ്ങി. നെഗറ്റീവ് ചിന്തകളുടെ കാർമേഘങ്ങൾ അവളുടെ മനസ്സിൽ നിരന്തരം ഉരുണ്ടുകൂടി നിന്നു.

ഇപ്പോൾ ഒരു ജോലി ചെയ്താൽ അതിലൊക്കെ പിശാചുബാധയുണ്ടെന്നു കരുതി അതിന്റെ സുരക്ഷയ്ക്കായി ആവർത്തിച്ചു ചെയ്യുന്നതുകാണുമ്പോൾ O.C.D.യുടെ ലക്ഷണങ്ങളാണെന്ന് തോന്നിപ്പോകും. ഉത്ക്കണ്ഠയും ഭയവും എല്ലാംകൂടിച്ചേർന്ന ഒരു പ്രത്യേക അവസ്ഥയാണിതെങ്കിലും നിയന്ത്രിക്കപ്പെട്ടില്ലെങ്കിൽ മാനസികരോഗചികിത്സ അനിവാര്യമായി വന്നേക്കും. സൈക്കോ തെറാപ്പികൊണ്ട് പ്രകടമായ വ്യത്യാസം ഇപ്പോൾ കണ്ടുതുടങ്ങിയിരിക്കുന്നു.

# Indian Church rejoices over layman's appointment to Pontifical Council for Laity, Family & Life

New Delhi: The Catholic Bishops' Conference of India (CBCI) has expressed "great joy" over the appointment of Guilherme Vaz, a leading layman from the country, as a consulter to the reconstituted Pontifical Council for the Laity, Family and Life.

Vaz was for ten years a member of the erstwhile Pontifical Council for the Laity, first appointed by Pope Benedict XVI and continued under Pope Francis, says a press statement from CBCI secretary general Bishop Theodore Mascarenhas.

Vaz has been a close collaborator of the CBCI, first as consulter to the Commission for Education and Culture. He was closely involved in the first comprehensive survey of Catholic Education in India and in formulating the Catholic Education Policy that followed, the October 15 press note says.

The Catholic layman from Mumbai has been a member of the CBCI Finance Committee for the past seven years and has assisted many dioceses. He is also a member of the governing board of the CBCI Society for Medi-



cal Education, North India.

Vaz is a member of the Board of Management of Christ University; honorable treasurer of Indo-Global Social Service Society. He has been part of the Bombay Archdiocesan Board of Education since its inception 32 years ago serving under three archbishops. For almost 25 years, he was trustee-secretary of FIAMC (World Federation of the Catholic Medical Associations) Bio-Medical Ethics Centre, Mumbai.

The CBCI had felicitated Vaz at its last plenary meeting for being conferred the papal honor of Knight of the Order of St Gregory the Great in 2016 for his exemplary and pre-eminent service to the Universal Church and the International Community.

Vaz is the first lay person to address three CBCI plenary meetings.

Bishop Mascarenhas also expressed confidence that Vaz would draw from his vast experience to continue to contribute further to the Universal Church.

Pope Francis created the Dicastery for the Laity, Family and Life on August 15, 2016, effective from September 1 that year. It took over the functions and responsibilities of the Pontifical Council for the Laity and the Pontifical Council for the Family.

It has responsibility "for the promotion of the life and apostolate of the lay faithful, for the pastoral care of the family and its mission according to God's plan and for the protection and support of human life."

# രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രമാണരേഖകൾ

91

## ആധുനികയുഗത്തിൽ സഭയുടെ ധർമ്മം

**സഭയും ലോകവും തമ്മിലുള്ള ബന്ധം**-മനുഷ്യവ്യക്തിയുടെ മാഹാത്മ്യത്തെപ്പറ്റിയും മാനവസമൂഹത്തെപ്പറ്റിയും മാനുഷികവ്യാപാരത്തിന്റെ അഗാധമായ അർത്ഥത്തെപ്പറ്റിയും നാം മുൻപു പറഞ്ഞതെല്ലാം സഭയും ലോകവും തമ്മിലുള്ള ബന്ധത്തിന് അടിസ്ഥാനമിടുകയും സൗഹാർദ്ദസംഭാഷണത്തിന് കളമൊരുക്കുകയും ചെയ്യുന്നുണ്ട്. ഈ അദ്ധ്യായത്തിൽ സഭാരഹസ്യത്തെപ്പറ്റി ഈ കൗൺസിൽ മുമ്പു പറഞ്ഞിട്ടുള്ളതെല്ലാം കണക്കിലെടുത്തുകൊണ്ട് ലോകത്തിൽ ആയിരിക്കുകയും ലോകത്തോടൊത്ത് ജീവിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നിടത്തോളം അതേ സഭയെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്.

നിത്യപിതാവിന്റെ സ്നേഹത്തിൽനിന്നു ഉടലെടുത്തതും കാലത്തിന്റെ പൂർണ്ണതയിൽ പരിത്രാതാവായ ക്രിസ്തുവിനാൽ സ്ഥാപിതവും പരിശുദ്ധാത്മാവാൽ ഏകീകൃതവുമായ സഭയ്ക്ക് ഭാവിലോകത്തിൽ മാത്രം പൂർണ്ണതയിലെത്തുന്ന രക്ഷാകരവും പരമാന്ത്യാത്മകവുമായ ഒരു ലക്ഷ്യമുണ്ട്. എന്നാൽ സഭ ഇപ്പോൾ ഇഹത്തിൽ സന്നിഹിതയാണ്. മനുഷ്യവംശത്തിന്റെ ഈ ചരിത്രദശയിൽത്തന്നെ ദൈവപുത്രരുടെ ഒരു കുടുംബത്തിന് രൂപം കൊടുക്കാനും കർത്താവിന്റെ പുനരാഗമനംവരെ വർദ്ധമാനമായ രീതിയിൽ അതിനെ കാത്തുകൊള്ളാനുംവേണ്ടി ഈ ലോകനഗരത്തിൽനിന്നും തിരഞ്ഞെടുക്കപ്പെട്ട വ്യക്തികളാൽ ഉരുവാക്കപ്പെട്ടതാണ് ഈ സഭ. സ്വർഗ്ഗീയ മൂല്യങ്ങൾക്കുവേണ്ടി സംഘടിതവും അവയാൽതന്നെ അലംകൃതവുമായ ഈ കുടുംബം ഇഹത്തിൽ ക്രിസ്തുവിനാൽ ഒരു സമൂഹമായി സ്ഥാപിക്കപ്പെടുകയും സംവിധാനം ചെയ്യപ്പെടുകയും ദൃശ്യവും സാമൂഹികവുമായ ഐക്യത്തിനുതകുന്ന ഘടകങ്ങൾകൊണ്ട് അലങ്കരിക്കപ്പെടുകയും ചെയ്തിരിക്കുന്നു. ഇപ്രകാരം ഒരേസംയം ദൃശ്യമായൊരു സംഘടനയും ആദ്ധ്യാത്മികമായൊരു സമൂഹവുമായ സഭ, മനുഷ്യവംശത്തോടൊത്ത് പുരോഗമിക്കുകയും ഒരേ ഭൗമിക ഭാഗധേയത്തിൽ ലോകത്തോടൊത്ത് പങ്കുകൊള്ളുകയും ചെയ്യുന്നു. ക്രിസ്തുവിൽ നവീകരിക്കപ്പെടുകയും ദൈവകുടുംബവുമായി രൂപാന്തരപ്പെടുകയും ചെയ്യേണ്ട മനുഷ്യസമുദായത്തിന്റെ ആത്മാവും പുളിമാവുമായി അവൾ നിലകൊള്ളുന്നു.

ഭൗതിക സ്വർഗ്ഗീയ നഗരങ്ങളുടെ ഈ പരസ്പരബന്ധം വിശ്വാസത്തിലൂടെ മാത്രം കാണാവുന്ന ഒരു യാഥാർത്ഥ്യമാണ്. ദൈവമക്കളുടെ ദീപ്തിവിശേഷം സമ്പൂർണ്ണമായി പ്രത്യക്ഷപ്പെടുന്നതുവരെ, പാപം താറുമാറാക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ഈ ബന്ധം മാനവചരിത്രത്തിന്റെ ഒരു മഹാരഹസ്യമായി നിലകൊള്ളുകയാണ്. തന്റെ പ്രത്യേക ലക്ഷ്യമായ മനുഷ്യരക്ഷ മുന്നിൽവച്ചുകൊണ്ടുസഭ ദൈവികജീവൻ മനുഷ്യർക്കു പകർന്നു കൊടുക്കുകമാത്രമല്ല ചെയ്യുന്നത് പ്രത്യുത ആ ജീവപ്രകാശം ഒരു വിധത്തിൽ ലോകം മുഴുവന്റെമേലും പ്രതിബിംബിപ്പിക്കുകകൂടി ചെയ്യുന്നുണ്ട്. മനുഷ്യന്റെ വ്യക്തിമാഹാത്മ്യത്തെ പവിത്രീകരിച്ചുയർത്തിയും മനുഷ്യജീവിതത്തിന്റെ സാമൂഹ്യവശത്തെ ശക്തിപ്പെടുത്തിയും മനുഷ്യന്റെ അനുദിനവ്യാപാരങ്ങൾക്ക് ആഴമായ അർത്ഥവും പ്രാധാന്യവും നൽകി അവയെ പുഷ്ടിപ്പെടുത്തിയുമാണ് സഭ തനിക്കു പ്രത്യേകമായ ഈ ധർമ്മം പ്രധാനമായും നിർവഹിക്കുന്നത്. അപ്രകാരം തന്റെ അംഗങ്ങളായ ഓരോ വ്യക്തിയിലൂടെയും തന്റെ സമൂഹം മുഴുവനിലൂടെയും മനുഷ്യമഹാകുടുംബത്തെയും അതിന്റെ ചരിത്രത്തെയും കൂടുതൽ മാനുഷികമാക്കാനുതകുന്ന സംഭാവനകൾ നൽകാൻ തനിക്കുസാധിക്കുമെന്ന് സഭാമാതാവ് വിശ്വസിക്കുന്നു.



കൂടാതെ ഇതര ക്രൈസ്തവ സഭകളും സഭാസമൂഹങ്ങളും ഇതേലക്ഷ്യത്തിനായി ഒന്നുചേർന്നു ചെയ്തിട്ടുള്ളതും ചെയ്യുന്നതുമായ എല്ലാ സേവനങ്ങളെയും കത്തോലിക്കാസഭ ഏറ്റം കാര്യമായി മതിക്കുന്നു. അതേസമയം തന്നെ സുവിശേഷത്തിനു കളമൊരുക്കാനുതകുന്ന കാര്യങ്ങളിൽ സഭയെ ഗണ്യമായ രീതിയിൽ വിവിധ തരത്തിൽ സഹായിക്കാൻ ലോകത്തിനു കഴിയുമെന്ന് സഭയ്ക്ക് ഉത്തമബോധ്യമുണ്ട്. ഈദൃശസഹായം വ്യക്തികളുടെയോ സമൂഹത്തിന്റെയോ കഴിവുകളിൽ നിന്നും കാര്യപ്രസക്തിയിൽനിന്നും സഭാമാതാവിനു ലഭിക്കാം, സഭയ്ക്കും ലോകത്തിനും ഏറെക്കുറെ പൊതുവായുള്ള മണ്ഡലങ്ങളിൽ പരസ്പരാശയവിനിമയവും പരസ്പരസഹായവും ചിതമായി പരിപോഷിപ്പിക്കാനുതകുന്ന ചില പൊതുതത്വങ്ങളാണ് ഈ കൗൺസിൽ ഉന്നയിക്കുന്നത്.

**സഭ ഓരോ വ്യക്തിക്കും നൽകുന്ന സഹായങ്ങൾ**-ആധുനിക മനുഷ്യൻ തന്റെ വ്യക്തിത്വത്തെ പൂർണ്ണമായി വികസിപ്പിക്കുന്നതിലും തന്റെ അവകാശങ്ങളെ അനുദിനമെന്നവണ്ണം കണ്ടുപിടിക്കുകയും മുറുകെപ്പിടിക്കുകയും ചെയ്യുന്നതിലും ബദ്ധശ്രദ്ധനാണ്.

മനുഷ്യന്റെ പരമാന്ത്യമായ ദൈവത്തിന്റെ രഹസ്യത്തെ വെളിപ്പെടുത്താനുള്ള ജോലി സഭയെ ഭരമേൽപ്പിച്ചിരിക്കുന്നതുകൊണ്ട് അവൾ മനുഷ്യാസ്തിത്വത്തിന്റെ അർത്ഥം മനുഷ്യസമക്ഷം അവതരിപ്പിക്കുന്നു.മനുഷ്യനെപ്പറ്റിയുള്ള അവഗാഢസത്യമാണത്. സഭ സേവിക്കുന്ന ദൈവത്തിനുമാത്രമേ ഭൗമികപോഷണങ്ങളിലൊന്നിലും പൂർണ്ണസംതൃപ്തി കാണാത്ത മനുഷ്യഹൃദയത്തിന്റെ ഉന്നതാഭിലാഷങ്ങളെ സംതൃപ്തമാക്കാൻ സാധിക്കുകയുള്ളുവെന്ന് സഭയ്ക്ക് പൂർണ്ണബോധ്യമുണ്ട്.

(തുടരും)

# LAITY VOICE




സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി നിയമിക്കപ്പെട്ട ഷെവലിയാര്‍ അഡ്വ.വി.സി.സെബാസ്റ്റ്യനെ ആൾ ഇന്ത്യ കാത്തലിക് യൂണിയന്റെ ആഭിമുഖ്യത്തിൽ ഡൽഹി കത്തീദ്രൽ ഹാളിൽ ദേശീയ ജനറൽ സെക്രട്ടറി എ.ചിന്നപ്പൻ അനുമോദിക്കുന്നു. മുൻ ന്യൂനപക്ഷ കമ്മീഷൻ അംഗങ്ങളായ അഡ്വ.എബ്രാഹം പാറ്റിയാനി, എ.സി.മൈക്കിൾ, ഡൽഹി അതിരൂപത ഫെഡറേഷൻ ഓഫ് കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് എം.എസ്.സ്റ്റാനിസ്ലോസ്, സെക്രട്ടറി മാരിയോ നൊറോണ എന്നിവർ സമീപം.

# സിബിസിഐ ലെയ്റ്റി കൗൺസിൽ സെക്രട്ടറി ഷെവലിയർ വി.സി.സെബാസ്റ്റ്യനെ അനുമോദിച്ചു

ന്യൂഡൽഹി: കാത്തലിക് ബിഷപ്സ് കോൺഫറൻസ് ഓഫ് ഇന്ത്യ (സിബിസിഐ) ലെയ്റ്റി കൗൺസിൽ സെക്രട്ടറിയായി നിയമിക്കപ്പെട്ട ഷെവലിയർ അഡ്വ.വി.സി.സെബാസ്റ്റ്യനെ കത്തോലിക്കാസഭയിലെ വിവിധ അല്മായ സംഘടനകളുടെ നേതൃത്വത്തിൽ ഡൽഹിയിൽ അനുമോദിച്ചു.

ഡൽഹി കത്തീദ്രൽ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കാരിത്താസ് ഇന്ത്യ ഡയറക്ടർ ഫാ.പോൾ മുഞ്ഞേലി അധ്യക്ഷത വഹിച്ചു. ന്യൂനപക്ഷ കമ്മീഷൻ മെമ്പർ അഡ്വ.എബ്രാഹം പറ്റ്യാനി ആമുഖപ്രഭാഷണം നടത്തി. ഓൾ ഇന്ത്യ കാത്തലിക് യൂണിയൻ ദേശീയ ജനറൽ സെക്രട്ടറി എ ചിന്നപ്പൻ, മുൻ ന്യൂനപക്ഷ കമ്മീഷൻ മെമ്പർ എ സി. മൈക്കിൾ, ദീപിക അസോസിയേറ്റ് എഡിറ്റർ ജോർജ് കള്ളിവയലിൽ, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി എൻ.സി.ഫിലിപ്പ്, കത്തോലിക്കാ കോൺഗ്രസ് പ്രസിഡന്റ് ജോബി ജോർജ്, ഫെഡറേഷൻ ഓഫ് കാത്തലിക് അസോസിയേഷൻ പ്രസിഡന്റ് എം.എസ്. സ്റ്റാനിലോസ്, എഫ്സിഎ സെക്രട്ടറി മാരിയോ മൊറോണ, മലങ്കര കാത്തലിക് മാതൃസംഗമം പ്രസിഡന്റ് ഷീല മാത്യു, മലങ്കര കാത്തലിക് അസോസിയേഷൻ സെക്രട്ടറി സാബു സാമുവൽ, സണ്ണി മാത്യു, വിൻസന്റ് ഡി പോൾ പ്രതിനിധികളായ ജോസഫ് മൊറോണ, ആർ.നികിൽ എന്നിവർ സംസാരിച്ചു.

വിവിധ കത്തോലിക്കാ അല്മായ സംഘടനകളെ സഭാതലത്തിലും ദേശീയതലത്തിലും സംഘടിപ്പിച്ച് മുന്നേറുവാൻ സിബിസിഐ ലെയ്റ്റി കൗൺസിൽ പ്രതിജ്ഞാബദ്ധമാണെന്ന് മറുപടിപ്രസംഗത്തിൽ വി.സി.സെബാസ്റ്റ്യൻ പറഞ്ഞു.

# One-third of world's stunted children live in India: report

New Delhi, Nov. 29: A major study published on Nov 29 warned of a malnutrition crisis in almost every country in the world with India holding about one-third of the world's burden for stunting.

Forty-six million children in India are stunted because of malnutrition and 25.5 million more are defined as "wasted" – meaning they do not weigh enough for their height, according to the Global Nutrition Report 2018.

Worldwide, 150.8 million children are



stunted and 50.5 million are "wasted", the report said.

"The uncomfortable question is not so much 'why are things so bad?' but 'why are things not better when we know so much more than before?'" said Corinna Hawkes, co-chair of the report and director of the Centre for Food Policy.

Asia is one of the hardest-hit areas when it comes to malnutrition although the region experienced the largest reduction in stunting from 2000 to 2017 – from 38 percent to 23 percent.

In India, high rates of malnutrition lead to anaemia, low birth rates, and delayed development – perpetuated from generation to generation.


Published by Indian Christian Community National Council. Edited by Chev.V C Sebastian Valliamthadathil, Santhigri Residency, Palampra Kanjirapally, Kottayam Dist., India. Ph: 04828 234056, Mob: 9447355512, E-mail: chevaliersebastian@gmail.com. *Private Circulation only
Shaiju Chacko-Mobile: +91 9562017841